പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3478**

24.06.2013 ൽ മറുപടിയ്ക്ക്

**കാണാതായ യുവതിയെ കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വാഴക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ കോട്ട ഷക്കീല എന്ന ഭർതൃമതിയായ സ്ത്രീയെ കാണാതായത് സംബന്ധിച്ച് എഫ്.ഐ.ആർ. നമ്പർ 234/13 ആയി 23.05.2013-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവരെ കണ്ടെത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | ഇതു സംബന്ധിച്ച് വാഴക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 234/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ ഉൾപ്പെട്ടതായി സംശയിക്കപ്പെടുന്ന ഡോക്ടർ ഷംനാദ് എന്നയാളിന്റെ ഫോൺ വിളിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചിട്ടുള്ളതും, ടിയാൻ സഞ്ചരിക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ പരിശോധനകൾ നടത്തിയും, പത്രമാധ്യമങ്ങൾ ഫോട്ടോ സഹിതം പരസ്യം നൽകിയും ഇവരെ കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമം നടത്തി വരികയുമാണ്. |
| (സി) | ഇവരെ ഒരു വ്യാജ ഡോക്ടർ തട്ടിക്കൊണ്ടുപോയതാണ് എന്ന് പരാതിയുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) മുമ്പും പല തട്ടിപ്പ് നടത്തി എന്ന് ആരോപണമുള്ള ഡോക്ടറെ സംബന്ധിച്ച് അന്വേഷണം നടത്തുവാനും യുവതിയെ കണ്ടെത്തുന്നതിനും പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുമോ ?

(ഡി) പ്രതിയായി സംശയിക്കപ്പെടുന്ന ഡോക്ടർക്കെതിരെ തിരുവല്ലം പോലീസ് സ്റ്റേഷനിൽ 116/2011 പ്രകാരം ഒരു കേസ് നിലവിലുണ്ട്. കാണാതായ യുവതിയെ കണ്ടെത്തുവാനായി വാഴക്കാട് പോലീസ് സ്റ്റേഷനിൽ നിന്നും എ.എസ്.ഐ. - 1, സീനിയർ സി.പി.ഒ. -1, സി.പി.ഒ.-1, വനിതാ സി.പി.ഒ. -1 ഇവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വാഴക്കാട് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് ടി കേസിന്മേൽ ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ